## (തിത്തൊസിനുള്ള)

# ഒരു മുഖവുര

ജാക്ക് എം. സ്ക്കാൺ എഴുതി:

ദൈവത്തിനു ഒരു പ്രപഞ്ച പദ്ധതി ഒരുക്കുവാനും
ഭൂഗോളം അതിന്റെ സ്ഥാനത്തുനിന്നു കറങ്ങുവാനും കഴിയുമെങ്കിൽ,
ഒരു രാജകീയ നിയമത്താലും കൃപയാലും...
അതിന്റെ പാത നിശ്ചയിക്കുവാനും,
അതിന്റെ ഗതി നിയന്ത്രിക്കുവാനും കഴിയുമെങ്കിൽ
അവനു തീർച്ചയായും ഒരു ജീവിത വഴിയും
രൂപപ്പെടുത്തുവാൻ കഴിയും
അങ്ങനെ മനുഷ്യൻ ഏകനായിരിക്കയില്ല!
അതെ, അവൻ ജീവിത ഗതി നിശ്ചയിക്കുകയും
നയിക്കുകയും ചെയ്തു
അറിയപ്പെടാത്ത വിശാലമായ അക്കരെക്കു നയിക്കും.[1]

ദൈവത്തിന്റെ കരുണയെ കവിതാരൂപത്തിൽ അവതരിപ്പിക്കുവാൻ കഴിയുന്നതാണ് പൗലൊസിന്റെ തിത്തൊസിനുള്ള ലേഖനത്തിലെ ചിന്താ മാതൃക.

**ഉദ്ദേശം**

ദൈവ കരുണ പ്രാവൃത്തികമാകുന്നതിന്റെ ശക്തമായ പ്രായോഗിക പ്രദർശനമാണ് ഈ ലേഖനം നമുക്കു നല്കുന്നത്. *ഒരു പ്രാദേശിക ഇടവകയെ വളർത്തിക്കൊണ്ടുവരേണ്ടതിന് ഒരു സുവിശേഷകൻ എങ്ങനെ പ്രവർത്തിക്കണമെന്ന്* പൗലൊസ് തിത്തൊസിനെ ഏല്പിക്കുന്ന ചുമതല വ്യക്തമാക്കുന്നു. "ഇക്കാരണത്താൽ" ആയിരുന്നു (തിത്തൊസ് 1:5) പൗലൊസ് തിത്തൊസിനെ ക്രേത്തയിൽ വിട്ടേച്ചു പോയത്.

ലേഖനത്തിന്റെ ഓരോ ഭാഗവും അംഗങ്ങളെ പക്വതയിലേക്ക് എത്തിക്കുന്നതിനെ പറയുന്നു (1:5–9). അതു വിവിധ തരത്തിലുള്ളവരെയും കൂട്ടങ്ങളെയും കൈകാര്യം ചെയ്യുന്നുണ്ട് (2:1–10), കൂടാതെ *വീട്ടിലും* (1:10, 11; 2:5, 6), *സമൂഹത്തിലും* (1:12, 15, 16), *സഭയിലും* (3:9–11) കുഴപ്പമുണ്ടാക്കുന്ന *സാഹചര്യങ്ങളെ* എങ്ങനെ കൈകാര്യം ചെയ്യണമെന്ന മാർഗ്ഗനിർദ്ദേശവും നല്കുന്നുണ്ട്. ഏതു കാലത്തിലുള്ള ഇടവകയിലും വിവിധ തരത്തിലുള്ള ആളുകളും കൂട്ടങ്ങളും ഉണ്ടാകും. ഈ രീതിയിൽ ക്രിസ്തുവിൽ വിളിക്കപ്പെട്ട ആ ഉയർന്ന നിലവാരത്തിലേക്ക് ഉയരുവാനുള്ള വെല്ലുവിളികളാണ് ലേഖനം നല്കുന്നത് (2:11–14; 3:3–6), അതു തീർച്ചയായും

നമുക്ക് "നിത്യജീവന്റെ പ്രത്യാശയും" നല്കുന്നു (1:2; 3:7).

തിത്തൊസിനെ ക്രേത്തയിൽ വിട്ടേച്ചു പോയതു *ഒരു ഉദ്ദേശത്തിനു വേണ്ടിയായിരുന്നു: ശരീരത്തെ പണിയുന്നതിന്.* ഇന്നത്തെ സുവിശേഷകന്മാർ ഇടവകകളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കൂടുതൽ ശക്തമായ ആയുധം കണ്ടെത്തുന്നതിൽ വൃഥാ ശ്രമം നടത്തുന്നു എന്നു പറയാം.

പൗലൊസിന്റെ മൂന്നു ലേഖനങ്ങളെ, 1 ഉം 2 ഉം തിമൊഥെയൊസും തിത്തൊസും, പതിനെട്ടാം നൂറ്റാണ്ടുവരെ ഇടയലേഖനങ്ങൾ എന്നറിയപ്പെട്ടിരുന്നു. 1703-ൽ ഡി. എൻ. ബെർഡോട്ട് തിത്തൊസിനെ വിവരിച്ചത് ഒരു "ഇടയലേഖനം," ആയിട്ടായിരുന്നു എന്നാൽ സി. മൈക്കൽ മോസ് നിരീക്ഷിച്ചത്, "വാസ്തവത്തിൽ, 'പാസ്റ്റർ' എന്നോ അതിന്റെ തുല്യവാക്കായ, 'ഷെപേർഡ്,' എന്നോ ഈ മൂന്നു ലേഖനങ്ങളിലും കാണപ്പെടുന്നില്ല.... വാസ്തവത്തിൽ ഈ ഇടയ ലേഖനങ്ങൾ മതപരമായ ദൈവശാസ്ത്രമല്ല. പിതാക്കന്മാരുടെ ഉപദേശം എന്നു വിളിക്കാവുന്ന ഒരു ഭാഗം മാത്രമാണ് ഈ പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്നത് (1 തിമൊഥെയൊസ് 3:1-13; 5:3-22; തിത്തൊസ് 1:5-9)."[2]

**സ്ഥലവും ആളുകളും**

ക്രേത്ത ദ്വീപിലുള്ള ആളുകളുടെ സ്വഭാവം അറിയപ്പെടുന്നതാണ്. ക്രേത്യർക്ക് ഒരു ബഹുമതി ഉണ്ടായിരുന്നു. വില്യം ബാർക്ക്ലേ പറഞ്ഞു,

> ക്രേത്യർക്കുണ്ടായിരുന്ന മോശമായ ബഹുമതി ലോകത്തിൽ ആർക്കും ഉണ്ടായിരുന്നില്ല. ക എന്ന വാക്കിൽ തുടങ്ങുന്ന മൂന്നു പുരാതന രാജ്യങ്ങൾ ആയ - ക്രേത്യർ, കിലിക്യക്കാർ, കുപ്പദൊക്യക്കാർ ദുഷ്കീർത്തിക്ക് ബഹുമതി ലഭിച്ചവരായിരുന്നു. ക്രേത്യർ മദ്യപാനത്തിനും, ധിക്കാരത്തിനും, അവിശ്വാസ യോഗ്യതക്കും, ഭോഷ്ക്കിനും, പെരുവയറിനും കേൾവി കേട്ട ആളുകൾ ആയിരുന്നു....
>
> ക്രേത്യർ അത്രത്തോളം ദുഷ്കീർത്തി ഉള്ളവരായിരുന്നതിനാൽ അവരെ വിളിക്കേണ്ടതിനു ഗ്രീക്കുകാർ *ക്രേറ്റിസെയിൻ* എന്ന ഒരു ക്രിയയുണ്ടാക്കി, *റ്റു ക്രേറ്റൈസ്*, അതിന്റെ അർത്ഥം *നുണ പറയുകയും ചതിക്കുകയും* എന്നാണ്;...[3]

സഭക്കു ചുറ്റുമുള്ള ലോകത്തിനപ്പുറമായി പ്രശ്നം നീങ്ങി: സഭയ്ക്കുള്ളിലും തീർച്ചയായും ദുഷ്ട മനുഷ്യരുടെ സ്വാധീനം കടന്നു. മെറിൽ സി. ടെന്നി എഴുതി,

> ക്രേത്തരുടെ സ്വാഭാവിക പ്രവണതകളിൽ നിന്നുവന്ന സുദൃഢമല്ലാത്ത ധാർമ്മികത മൂലം ഉണ്ടായ കുഴപ്പമായിരുന്നു ക്രേത്തയിലേത് (1:12, 13), യെഹൂദമതസംഘടന ഉയർത്തിക്കൊണ്ടുവന്ന കല്പനകളിലും യെഹൂദ കെട്ടുകഥകളിലും ഉള്ള തർക്കങ്ങളെ ഊന്നിപ്പറഞ്ഞുമിരുന്നു (1:10) അവർ ദൈവമില്ലാത്തവരും (1:16) ക്രമം

കെട്ടവരും (1:10), വിയോജിപ്പുണ്ടാക്കുന്നവരും (1:11), ശമ്പളത്തി നുവേണ്ടി പ്രവർത്തിക്കുന്നവരുമായിരുന്നു (1:11). ഈ ഉപദേഷ്ടാക്കന്മാർ ഗലാത്യയിലുണ്ടായിരുന്ന ഉപദേഷ്ടാക്കന്മാരിൽ നിന്നു വ്യത്യസ്തരായിരുന്നു കാരണം അവരുടേത് ധാർമ്മിക വിപരീത ബുദ്ധിയായിരുന്നു, എന്നാൽ ഗലാത്യരുടേത് നിയമത്തെ കർശനമായി എടുക്കുന്നതായിരുന്നു. രണ്ടിനേയും ലേഖനത്തിൽ ഖണ്ഡിച്ചിരിക്കയാണ്.[4]

തിത്തൊാസ് 1:10–14 ലെ വിവരണം വിക്ടർ ഈ. ഹോവെൻ നിരീക്ഷിച്ചത് "അവരുടെ നടപ്പും സ്വഭാവവും, യവന എപ്പിമെനിദ്യരും പൗലൊസും സമ്മതിച്ചിരിക്കുന്നു. വാക്യം 15 ലും, 16 ലും, അവരുടെ ഹൃദയത്തെയും മനസാക്ഷിയെ എടുത്തു കാണിച്ചിരിക്കയാണ്. നോക്കുക മത്തായി 15:19, 20. വേലക്ക് എന്തൊരു പ്രവർത്തനതലമാണുള്ളത്!"[5]

ശരിക്കും ആ ദ്വീപിൽ സഭ ആരംഭിച്ചതു എങ്ങനെ എന്നു അറിയില്ല. എച്ച്. സി. തിയെസെൻ പ്രവൃത്തികൾ 2:11 നെ ശ്രദ്ധിച്ചത് (പെന്തെക്കൊസ്തുനാൾ) ക്രേത്യർക്കും ക്രിസ്ത്യാനിത്വത്തിന്റെ ആരംഭം ലഭിച്ച ഉറവിടമായാണ്. കൂടാതെ, പൗലൊസ് റോമിലേക്കുള്ള യാത്രയിൽ ചുരുങ്ങിയ സമയം അവിടെ ചെലവിടുകയും ചെയ്തു (പ്രവൃത്തികൾ 27:7–13, 21).[6]

ആളുകളുടെ ആവശ്യങ്ങളെ, അതിന്റെ ഉറവിടം കണക്കാക്കാതെ, മുഖ്യവാക്കുകളിലൂടെയും പൗലൊസിന്റെ ആശയങ്ങളിലൂടെയും തന്റെ ദൈവശ്വാസിയ ലേഖനത്തിൽ വ്യക്തമാകുന്നതായി കാണാം. *ആവശ്യങ്ങളെ പരിഹാരങ്ങളു*മായി താരതമ്യം ചെയ്തു, ലേഖനവും പരിതസ്ഥിതിയും തമ്മിലുള്ള അന്തരം താഴെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

ധാർമ്മികവും ആത്മികവുമായ കുഴപ്പമുള്ള പരിതസ്ഥിതിക്കു, പൗലൊസ് അവതരിപ്പിക്കുന്നത് ശ്രേയസ്സുള്ള മതിയായ ഒരു *രക്ഷകനെ*യാണ് (1:3, 4; 2:10, 11, 13; 3:4, 6). അങ്ങനെ ഏതൊരു നഷ്ടപ്പെട്ട സമൂഹത്തിനും *പ്രത്യാശ* ലഭിക്കുന്നു.

"വഞ്ചകന്മാരും, വൃഥാവാചാലന്മാരും മത്സരികളുമായ പലർക്കും" (1:10), മറു മരുന്നായി പൗലൊസ് ഒരു പത്ഥ്യോപദേശം നല്കുന്നു (1:9, 13; 2:1, 2, 10). പത്ഥ്യോപദേശം കൈകാര്യം ചെയ്യേണ്ടത് "സുബോധമുള്ള" ആത്മാക്കളാണ് (1:8; 2:5, 6, 12), "അവരുടെ സ്വന്ത ഇഷ്ടപ്രകാരം ചെയ്യുന്ന" സമൂഹസ്വഭാവത്തിൽ നിന്നും ഇന്ദ്രിയ – ജയ മനോഭാവം ഉള്ളവരായി തീരുന്ന ആളുകളാണ്. ആ ഇന്ദ്രിയ – ജയം മനുഷ്യരുടെ മുൻപാകെ "ദൈവഭക്തിയാൽ" ജീവിക്കുന്നു (1:1; 2:12; 1 തിമൊഥെയൊസ് 2:2, 10; 3:16; 4:7, 8; 6:3, 5, 6, 11; 2 തിമൊഥെയൊസ് 3:5).

പത്ഥ്യോപദേശം, ശരിയായി സ്വീകരിച്ചാൽ, ആത്മാക്കൾ "മടിയന്മാരായ പെരുവയറന്മാർ" ആകുന്നതിൽ നിന്നും മാറ്റിയെടുക്കുവാൻ കഴിയും (തിത്തൊാസ് 1:12) അങ്ങനെ "സൽപ്രവൃത്തികളിൽ ശുഷ്ക്കാന്തിയുമുണ്ടാകും" (2:14; നോക്കുക 1:16; 2:3, 7; 3:1, 8, 14).

മുൻകരുതൽ വേണമെന്നു പൗലൊസ് പറഞ്ഞിരിക്കുന്നതു അതിരുകവിഞ്ഞു വമ്പു പറയുന്നവർ, സ്വയ – പിടിവാദക്കാർ, കല്പനകൾ –

നല്കൽ, കലഹപ്രിയർ, മത്സരിക്കുന്നവർ എന്നിവർക്കെതിരെ, (ഏതാണ്ട്) യെഹൂദമതക്കാരും അതിൽ ഉൾപ്പെട്ടേക്കാം (1:9–11, 14; 2:8; 3:2, 9, 10). "കീഴ്പ്പെടലിന്റെ" അടിസ്ഥാനത്തിലായിരിക്കണം എരിവുണ്ടാകേണ്ടതു എന്നാണ് അവൻ പഠിപ്പിച്ചത് (2:5, 9; 3:1).

ചുരുക്കത്തിൽ, ക്രേത്തയിലെ ദുഷ്ടരായിരുന്ന ആളുകൾ (1:12) *നന്നാകുവാനും നല്ല പ്രവൃത്തികൾ ചെയ്യുവാനു*മായിരുന്നു ഈ ലേഖനം അപേക്ഷിച്ചത് (1:16; 2:3, 7, 10, 13, 14; 3:1, 8, 14).

ആളുകളുടെ ആവശ്യങ്ങൾ കൂടുതൽ വെല്ലുവിളി ഉയർത്തിയതും ദൈവിക ഉപദേശത്താൽ നയിക്കപ്പെടുന്നതും ആയിരുന്നു. വാൾട്ടർ ഡണ്ണെറ്റ് ഈ ലേഖനത്തിലെ ഉപദേശപരമായ ആശയത്തിന്റെ നല്ല ഒരു ചുരുക്കം നല്കിയിട്ടുണ്ട്:

1. *ദൈവത്തിന്റെ ഉപദേശം.* അവൻ നിത്യനാണ് (1:3), അവൻ കൃപയും സമാധാനവും നല്കുന്നു (1:4), അവൻ തന്നെത്താൻ വെളിപ്പെടുത്തുകയും (2:11) നമ്മുടെ രക്ഷകനുമാകുന്നു (3:4). പൗലൊസ് അവന്റെ ദാസൻ ആയിരുന്നു (1:1). (അഹങ്കാരികളായവർ ദൈവത്തിനു കീഴ്പ്പെടണം.)

2. *ക്രിസ്തുവിന്റെ ഉപദേശം.* അവൻ നമ്മുടെ രക്ഷകൻ ആണ് (1:4; 2:13; 3:6). ഇതേ നാമം ദൈവത്തിനും ക്രിസ്തുവിനും ഉപയോഗിച്ചിട്ടുള്ളതു ശ്രദ്ധിക്കുക. ക്രിസ്തുവിന്റെ[7] ദൈവികത്വ സാക്ഷ്യത്തെ സംബന്ധിച്ചു 2:13 ലെ പ്രസ്താവന സുപ്രധാനമാണ്. (ജഡത്തിലെ ദൈവികത്വം ഉപദേശത്തെ ആദരിക്കുവാൻ ഒരു നിലവാരം മനുഷ്യനു സ്വീകരിക്കേണ്ടതിനു വച്ചിരിക്കുന്നു; 3:10.)

3. *പരിശുദ്ധാത്മാവിന്റെ ഉപദേശം.* അവൻ പുനർജന്മത്തിന്റെ സഹായിയാണ് (3:5). (വീണുപോയ മനുഷ്യനു പുതിയ ജനനം കരുണാസന്ദേശം ആണ്.)

4. *ദൈവവചനത്തിന്റെ ഉപദേശം.* പ്രസംഗിക്കപ്പെട്ട സന്ദേശമായി ദൈവം തന്റെ വചനം പ്രദർശിപ്പിച്ചിരിക്കുന്നു (ഗ്രീക്ക്.: *കെരിഗ്മാ*), അതായിരിക്കണം ജീവിതത്തിനുള്ള നിലവാരം (1:3; 2:5, 10). 1:9–ൽ അതിനെ "വിശ്വസ്തമായ" എന്നു പറഞ്ഞിരിക്കുന്നു. ദൈവവചനം ശരിയായി പഠിപ്പിക്കുന്നതിൽ ഊന്നൽ കൊടുത്തിരിക്കുന്നതു ശ്രദ്ധിക്കുക (1:9; 2:1, 7). യെഹൂദ ജ്ഞാനതത്വോപദേശം സ്പഷ്ടമായും ഭിന്നതയുണ്ടാക്കിയിരുന്നു, അതിനെതിരെ മുന്നറിയിപ്പും ഇതോടൊപ്പം നല്കുന്നു (1:10, 14; 3:9). (മാനുഷഭിന്നതകൾക്കു വിപരീതമായി ശക്തമായി അവതരിപ്പിച്ചിരിക്കയാണ് ദൈവകല്പനകൾ.)

5. *സഭയുടെ (പ്രാദേശിക) ഉപദേശം.* അപ്പൊസ്തലൻ ആധികാരികമായിട്ടാണ് എഴുതിയത് (1:1, 3), തിത്തൊസ് ആധികാരികമായി സംസാരിക്കയും, പ്രബോധിപ്പിക്കയും, തർജ്ജനം ചെയ്യുകയും വേണമായിരുന്നു (2:15). മൂപ്പന്മാർക്കുവേണ്ട ആവശ്യങ്ങൾ വിവരിച്ചിട്ടുണ്ട് (1:6–8), അവരുടെ കടമകളും പറഞ്ഞിട്ടുണ്ട് (1:9). വിശ്വാസികളുടെ ഉത്തരവാദിത്തങ്ങൾ 2:1–3:2[8] വരെ രേഖപ്പെടുത്തിയിരിക്കുന്നു. (മനുഷ്യ പുരോഗതിക്കുള്ള ദൈവിക നിർദ്ദേശങ്ങൾ കേട്ട് സൂക്ഷിക്കേണ്ടതാണ്.)

പൗലൊസ് തിത്തൊസിനു എഴുതിയ ലേഖനത്തിന്റെ പ്രവർത്തന

സ്വഭാവം ഈ തത്ത്വപരമായ വീക്ഷണം എടുത്തുകാണിക്കുന്നു, അതിൽ ദൈവികത്വവും മനുഷ്യത്വവും ദൈവിക കല്പനകളാൽ കൂട്ടിച്ചേർത്തു, അതു നിലകൊള്ളുന്ന സമൂഹത്തെ കണക്കാക്കാതെ ഇടവക ജീവിക്കുന്നതിനു മനോഹരമാക്കിയിരിക്കുന്നു. അത്തരം സാധ്യത ദൈവജനത്തെ ഏതൊരു സമൂഹ സാഹചര്യത്തിലും വിശുദ്ധ നിലവാരത്തിലാകുവാൻ പ്രേരിപ്പിക്കും.

## തീയതി

പ്രവൃത്തികളുടെ പുസ്തകത്തിലെ ബൈബിൾ രേഖപ്രകാരം പൗലൊസ് ഒന്നാമത്തെ റോമാ തടവിൽ നിന്നു മോചിതനായി എന്നു വ്യക്തമാണ് (28:16–31; നോക്കുക ഫിലിപ്പിയർ 2:24; 4:22). അവൻ മോചിതനാകാറായപ്പോൾ തിമൊഥെയൊസിനെ ഫിലിപ്പിയയിലേക്ക് അയക്കുവാൻ അവൻ ആഗ്രഹിച്ചു (ഫിലിപ്പിയർ 2:19–23). മോചിതനായപ്പോൾ, പൗലൊസ് ആസ്യയിലേക്ക് പോയി (അവൻ അങ്ങനെയാണ് വിചാരിച്ചത്; നോക്കുക ഫിലേമോൻ 1, 10, 22), പോകുന്ന വഴിയിൽ ക്രേത്തയിൽ ഇറങ്ങുവാനുമായിരുന്നു പദ്ധതി. അവിടെ പൗലൊസ് തിത്തൊസിനെ വിട്ടേച്ചു പോയി (തിത്തൊസ് 1:5). പദ്ധതിയിട്ടതനുസരിച്ചു, ഒനേ സിമോസിന്റെ കാര്യം ഫിലേമോനുമായി ശരിയാക്കേണ്ടതിനു പൗലൊസ് കൊലോസ്യയിലേക്കു പോയി. ഈ സമയത്ത് എപ്പോഴോ, തിമൊഥെയൊസ് ഫിലിപ്പിയ വിട്ട് പോയപ്പോൾ എഫെസോസിലോ മിലേത്തോസിലോ വച്ചു പൗലൊസിനെ കണ്ടുമുട്ടി. പൗലൊസ് മക്കെദൊന്യക്കു പോയപ്പോൾ തിമൊഥെയൊസിനെ എഫെസൊസിൽ തങ്ങുവാൻ ആവശ്യപ്പെട്ടു (1 തിമൊഥെയൊസ് 1:3). മക്കെദോന്യയുടെ ഏതോ ഭാഗത്തു നിന്നു പൗലൊസ് എഫേസൊസ് ഭാഗത്തേക്കു മടങ്ങി പോകുവാൻ ആഗ്രഹിച്ചു, പക്ഷെ താമസിക്കുമെന്നു അവനറിയാമായിരുന്നു (1 തിമൊഥെയൊസ് 3:14, 15). ആ സമയത്താണ് അവൻ 1 തിമൊഥെയൊസും തിത്തൊസും എഴുതിയത്. അവന്റെ യാത്രാ പദ്ധതി മാറ്റി, കാരണം അയോനിയൻ കടലിന്റെ പൂർവ്വതീര പ്രദേശത്തുള്ള എപിരോസിലെ നിക്കൊപ്പൊലിയിൽ തന്നോടു ചേരുവാൻ പൗലൊസ് തിത്തൊസിനോട് അപേക്ഷിച്ചിരുന്നു. "അവൻ നിക്കൊപൊലിയിൽ എത്തിയില്ല (3:12). അവൻ അവിടെയാണ് ശീതകാലം കഴിക്കുവാൻ ആഗ്രഹിച്ചത് ('ഇവിടെ' അല്ല), അവൻ എഴുതിയിരിക്കുവാൻ സാധ്യത വേനൽക്കാലത്തിന്റെ അവസാനമോ ശരത്കാലത്തിന്റെ ആദ്യമോ ആയിരിക്കാം."[9] വില്യം ഹെൻഡ്രിക്സൺ നിരീക്ഷിച്ചതു, "ഏ.ഡി. 63 എന്ന തീയതി വിദൂരമാകാനിടയില്ല."[10] ഏ.ഡി. 64 ലെ നീറോയുടെ ഉപദ്രവം പൊട്ടിപുറപ്പെട്ട സമയത്തു പൗലൊസ് റോമൻ തടവിൽ നിന്നു മോചിതനാവുക അസാധ്യമാണ്.[11]

## ഗുണഭോക്താവു

ഈ ലേഖനം സ്വീകരിക്കുന്ന തിത്തൊസ് എന്ന ഉപദേഷ്ടാവിനെ കുറിച്ചു, നമുക്ക് എന്തറിയാം? ലൂയിസ് സി. ഫോസ്റ്റർ പറഞ്ഞു, "തിത്തൊസിന്റെ മാതാപിതാക്കളെ കുറിച്ചോ പിതൃദേശത്തെ കുറിച്ചോ ഒന്നും അറി

യില്ല. എങ്ങനെയായാലും, തിത്തൊസ് ജാതിയിൽപ്പെട്ടവനായിരുന്നു, എന്നുള്ളത് സ്പഷ്ടമാണ്; അവൻ പൗലൊസ് ക്രിസ്ത്യാനിയായി തീർന്നു പതിനാലോ പതിനേഴോ വർഷങ്ങൾക്കുശേഷം സുറിയയിലെ അന്ത്യൊക്യയിലായിരുന്നു എന്നു കാണുന്നു. (നോക്കുക ഗലാത്യർ 1:18, 2:1.) ആ സമയം മുതൽ അവൻ പൗലൊസിന്റെ അടുത്ത കൂട്ടുകാരനായിരുന്നു, പ്രധാന ചുമതലകൾ അവനെ ഏല്പിച്ചിരുന്നതു കൂടാതെ അപ്പൊസ്തലന്മാർക്ക് അവനിൽ ഉയർന്ന മതിപ്പും ഉണ്ടായിരുന്നു."[12]

പ്രവൃത്തികളുടെ പുസ്തകത്തിൽ തിത്തൊസ് എന്ന പേർ കാണുന്നില്ല എങ്കിലും, പുതിയ നിയമത്തിൽ മറ്റു ഭാഗങ്ങളിൽ പതിമൂന്നു പ്രാവശ്യം കാണുന്നുണ്ട്: ഗലാത്യ ലേഖനത്തിൽ രണ്ടു പ്രാവശ്യം (2:1; 2:3), ഒരു പ്രാവശ്യം 2 തിമൊഥെയൊസിൽ (4:10), ഒരു പ്രാവശ്യം തിത്തൊസിന്റെ പുസ്തകത്തിൽ (1:4), 2 കൊരിന്ത്യർക്കെഴുതിയ പുസ്തകത്തിൽ ഒമ്പതു പ്രാവശ്യം (2:13; 7:6, 13, 14; 8:6, 16, 23; രണ്ടു പ്രാവശ്യം 12:18 ലും). അവിടെ പേർ പറയുന്നില്ലെങ്കിലും, അവനെ കുറിച്ചു *അന്തർലീന*മായി പറഞ്ഞിട്ടുള്ളതു പ്രവൃത്തികളുടെ പുസ്തകത്തിലാണ്. പ്രവൃത്തികൾ 15:2 എന്നതിനെ ("മറ്റുള്ളവരിൽ ചിലർ") ഗലാത്യർ 2:1, 3 ("എന്നോടുകൂടെ തിത്തൊസിനെയും കൂട്ടി ... എന്റെ കൂടെയുള്ള തിത്തൊസും"), എന്നതുമായി താരതമ്യം ചെയ്താൽ ഒന്നാമത്തെ മിഷ്ണറി യാത്രക്കുശേഷം തിത്തൊസ് പൗലൊസിനോടും ബർന്നബാസിനോടും ഒപ്പം ഉണ്ടായിരുന്നു എന്നു നമുക്കു ബോധ്യമാകും. യെരുശലേമിലേക്ക് ജാതികളിൽ നിന്നു ക്രിസ്ത്യാനികളായവരെ പരിഛേദന കഴിപ്പിക്കണം എന്ന പ്രശ്നം നേരിട്ടപ്പോൾ, സഭയെ സഹായിക്കാൻ അവരെ അയച്ചപ്പോൾ "അവരോടുകൂടെ മറ്റു ചിലരും," ഉണ്ടായിരിക്കുകയും അതിൽ തിത്തൊസും ഉൾപ്പെട്ടിരുന്നു.[13] അങ്ങനെ തിത്തൊസ് "പരസ്യമായ A"[14] ആയി നില്ക്കുകയും, പൗലൊസ് ക്രിസ്തുവിന്റെ സുവിശേഷത്തിലെ സ്വാതന്ത്ര്യം നഷ്ടപ്പെടാതെ നോക്കുന്നതിന് തിത്തൊസ് സാക്ഷിയാവുകയും ചെയ്തു (നോക്കുക പ്രവൃത്തികൾ 15:1–29; ഗലാത്യർ 2:3–5).

കൊരിന്ത്യ സഭയിൽ കുഴപ്പം നേരിട്ടപ്പോൾ അവിടേക്കു അയച്ച പ്രത്യേക രഹസ്യ ദൂതനായിരുന്നു തിത്തൊസ് (നോക്കുക 2 കൊരിന്ത്യർ 2:13; 7:5–14; 12:17, 18), മടങ്ങിവന്നു ആശ്വാസവാക്കുകൾ പൗലൊസിനെ അറിയിക്കുകയും ചെയ്തു. വ്യക്തമായും, തിത്തൊസ് നല്കിയ വിവരണം വിശ്വാസയോഗ്യമായി പൗലൊസ് കണക്കാക്കിയിരുന്നു. കൂടാതെ യെരുശലേമിലെ ദരിദ്രന്മാർക്കു ധർമ്മശേഖരം നടത്തിയപ്പോൾ തിത്തൊസിനെ ഉപയോഗിച്ചതും അവനിലുള്ള വിശ്വാസത്തെ തെളിയിക്കുന്നു (2 കൊരിന്ത്യർ 8:6–24).

പൗലൊസ് തിത്തൊസിനെ ക്രേത്തയിൽ വിട്ടേച്ചു പോന്നതു "ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിനും, ഞാൻ നിന്നോടു ആജ്ഞാപിച്ചതുപോലെ പട്ടണം തോറും മൂപ്പന്മാരെ ആക്കി വെക്കേണ്ടതിനും തന്നേ" (1:5).[15] പിന്നീട്, പൗലൊസ് റോമിൽ രണ്ടാമതു തടവിലായപ്പോൾ തിത്തൊസ് നിക്കൊപൊലിയിൽ പൗലൊസിനെ ചെന്നു കാണുന്നതിനും, ദൽമത്യെക്ക് അവനെ അയക്കുവാനും ആഗ്രഹിച്ചിരുന്നു (3:12; 2 തിമൊഥെയൊസ് 4:10).

"സഭാപ്രശ്നങ്ങൾ പരിഹരിക്കുക" എന്ന പ്രയാസമേറിയ ചുമതലകൾ ഏല്പിക്കുവാൻ പൗലൊസിനു പറ്റിയ വിശ്വസ്തനായിരുന്നു തിത്തൊസ് എന്നു തെളിയിക്കുന്നു. പണമായാലും വികാരങ്ങളായാലും അവനെ വിശ്വസിക്കുവാൻ കഴിഞ്ഞിരുന്നു. അവൻ മനുഷ്യരെ നേരെയാക്കുന്നവനും, സംഘടിപ്പിക്കുന്നവനും, സ്വയം - ആരംഭിക്കുന്നവനും, ഒരു പ്രദേശത്ത് ആക്കിവെച്ചാൽ, ഏല്പിച്ച ജോലി നന്നായി ഉടനെ ചെയ്യുന്നവനുമാണ്. തിത്തൊസ് വെച്ചിരിക്കുന്ന മാതൃകയാൽ, ഏതൊരു സുവിശേഷകനും നിന്നു നന്നായി പ്രവർത്തിക്കുവാൻ താഴെ കൊടുത്തിരിക്കുന്ന നാലു കാര്യങ്ങൾ പരിശോധിക്കുക:

1. വിമർശനത്തെ നിങ്ങൾക്ക് എത്ര നന്നായി കൈകാര്യം ചെയ്യുവാൻ കഴിയും (ഗലാത്യർ 2:3–5, പ്രവൃത്തികൾ 15:1–29)?

2. മറ്റുള്ളവർ ചെയ്തിട്ടുള്ളതോ ചെയ്തുകൊണ്ടിരിക്കുന്നതോ ആയ പ്രവർത്തനങ്ങളെ കുറിച്ചു നിങ്ങൾക്ക് വിശ്വസ്തവും കൃത്യവുമായ വിവരങ്ങൾ നല്കുവാൻ, കഴിയുന്നുണ്ടോ (കഴിയുമോ)?

3. എല്ലാ പട്ടണങ്ങളിലും മൂപ്പന്മാരെ നിയമിച്ചു, ശേഷിച്ച കാര്യങ്ങളെ ക്രമപ്പെടുത്തുവാൻ നിങ്ങൾക്കു കഴിയുമോ (1:5)? പല ഇടവകകളിലും, കർത്താവിന്റെ വേലയും, ഇടവകയായി തന്നെ പൂർത്തിയാക്കേണ്ടതായി അവശേഷിച്ചിരിക്കുന്നു.

4. സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നിങ്ങൾ വിശ്വസ്തനാണോ (2 കൊരിന്ത്യർ 8:6, 16–21, 23, 24)? തിത്തൊസ് വെച്ചതായ മാതൃക പിൻപറ്റുവാൻ സുവിശേഷകന്മാർക്കു കഴിയാത്തതുകൊണ്ടു ഇടവകകളുടെ ജീവിതത്തിലും വളർച്ചയിലും സംഭവിച്ച നാശം കർത്താവിനു മാത്രമെ അറിയൂ.

ഉത്തരവാദിത്വമുള്ള ജോലികൾ പൗലൊസ് തിത്തൊസിനു നല്കുന്നതിൽ നിന്നു, പൗലൊസ് തിത്തൊസിനെ കുറിച്ചു "*പൊതു*വിശ്വാസത്തിൽ *നിജ* പുത്രൻ" എന്നു സൂചിപ്പിച്ചതിൽ അതിശയിക്കുവാനില്ല (1:4; എംഫസിസ് മൈൻ). പല രീതിയിലും പൗലൊസും തിത്തൊസും "ഒരേ മനോഭാവത്തിലാണ്" നടന്നിരുന്നത് (നോക്കുക 2 കൊരിന്ത്യർ 12:18). ക്രിസ്തുവിനു വേണ്ടിയും അവന്റെ ജനത്തിനു വേണ്ടിയും, തിത്തൊസിന്റെ ഹൃദയത്തിൽ ദൈവം "താല്പര്യം"[16] ജനിപ്പിച്ചിരുന്നതായി പൗലൊസ് ഉറപ്പിച്ചു പറയുന്നു (2 കൊരിന്ത്യർ 8:16, 17). ഈ കരുതുന്ന മനോഭാവത്തോടൊപ്പം, വിഷമഘട്ടത്തിൽ ആവശ്യമുള്ള ഉത്സാഹവും, ബുദ്ധിയും സംയോജിപ്പിച്ച് തിത്തൊസിനെ കർത്താവിനും പൗലൊസിനും വിലയുള്ള ഒരു സഹപ്രവർത്തകനാക്കി.

തിത്തൊസിന്റെ ജീവിതവും പ്രവൃത്തിയും ശ്രദ്ധിച്ചു പഠിച്ചാൽ "നീ പോയി അതുപോലെ ചെയ്യുക" എന്ന കാഴ്ച്ചപ്പാടിൽ ഏതൊരു സുവിശേഷകനും നന്നായി പ്രവർത്തിക്കും!

എന്തുകൊണ്ടു ഈ ലേഖനം എഴുതി, ആരാണ് എഴുതിയത്, അതാർക്ക് എഴുതി, എന്നും നമുക്ക് ഇപ്പോൾ മനസ്സിലായതുകൊണ്ട് ഇനി നമുക്ക് അതിലെഴുതിയിരിക്കുന്നത് *എന്താണെന്ന്* ശ്രദ്ധയോടെ പഠിക്കാം.

പൗലൊസ് തിമൊഥെയൊസിനു എഴുതുമ്പോൾ, വിശദീകരണങ്ങൾ ആവശ്യമുള്ളതായ പല ആളുകളെയും, സ്ഥലങ്ങളെയും, ആശയങ്ങ

ളെയും കുറിച്ചു അവൻ സൂചിപ്പിച്ചു. നാം ഈ പുസ്തകം പഠിക്കുന്നതിനു മുൻപു അവയിൽ ചിലതു നമുക്കു പരിശോധിക്കാം.

## തിത്തൊസിലെ ആളുകൾ

**അപ്പൊല്ലോസ്**

*"ന്യായ ശാസ്ത്രിയായ സേനാസിനും അപ്പൊല്ലോസിനും ഒരു മുട്ടും വരാതവണ്ണം ഉത്സാഹിച്ചു വഴിയാത്ര അയക്ക" (3:13).*

ഈ മനുഷ്യനും പ്രവൃത്തികൾ 18 ലും 19 ലും പറഞ്ഞിരിക്കുന്ന യെഹൂദ ഉപദേഷ്ടാവായിരുന്ന വാഗ്വൈഭവമുള്ള അലെക്സന്തരക്കാരനും തമ്മിൽ വ്യത്യാസം ഒന്നും പറയാത്തതുകൊണ്ട്, അതേ അപ്പൊല്ലോസ് തന്നെയാണ് ഇവൻ എന്നു കരുതാം. അവനെ കുറിച്ചു പ്രവൃത്തികൾ 18:24; 19:1; 1 കൊരിന്ത്യർ 1:12; 3:4–6; 3:22; 4:6; 16:12 എന്നിവയിലും സൂചിപ്പിച്ചിട്ടുണ്ട്.

**അർത്തെമാസ്**

*"ഞാൻ അർത്തെമാസിനെയോ തിഹിക്കൊസിനെയോ അങ്ങോട്ടു അയക്കുമ്പോൾ, നിക്കൊപൊലിയിൽ വന്നു എന്നോടു ചേരുവാൻ ശ്രമിക്ക, അവിടെ ഞാൻ ശീതകാലം കഴിപ്പാൻ നിശ്ചയിച്ചിരിക്കുന്നു" (3:12).*

പൗലൊസിന്റെ ഈ കൂട്ടുകാരനെ ഇവിടെയല്ലാതെ മറ്റൊരു ഭാഗത്തും പറഞ്ഞിട്ടില്ലാത്തതുകൊണ്ട്, മറ്റൊന്നും നമുക്ക് അറിയില്ല.

**തിത്തൊസ്**

*"പൊതു വിശ്വാസത്തിൽ നിജപുത്രനായ, തിത്തൊസിനു എഴുതുന്നതു: പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ രക്ഷിതാവായ ക്രിസ്തു യേശുവിങ്കൽ നിന്നും നിനക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ" (1:4).*

പതിനഞ്ചോ അതിലധികമോ വർഷം പൗലൊസിനു വിശ്വസ്തനും, ഉയർന്ന രീതിയിൽ കണക്കാക്കിയവനുമായ സ്നേഹിതനും സഹപ്രവർത്തകനുമായിരുന്നു തിത്തൊസ്. അവന്റെ പേർ പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്നില്ലെങ്കിലും, ഗലാത്യർ 2:3 ഉറപ്പിച്ചു പറയുന്നതു പ്രവൃത്തികൾ 15:1–ൽ വിവരിച്ച, "മറ്റു ചിലരിൽ" തിത്തൊസിനെ സൂചിപ്പിക്കുന്നു എന്നാണ്. യെഹൂദന്മാരും ജാതികളും തമ്മിലുള്ള കൂട്ടായ്മയെ കുറിച്ചുള്ള സമ്മേളനത്തിൽ യെഹൂദ മതക്കാർ തിത്തൊസിനെ പരിച്ഛേദന കഴിക്കുവാൻ നിർബ്ബന്ധിച്ചെങ്കിലും പൗലൊസ് അതിനു തയ്യാറായില്ല. ഇതു ഗലാത്യർ 2:3–ൽ പറയുന്നു.

തിത്തൊസ് ജാതിയിൽ പെട്ട ഒരാളായിരുന്നു. അബ്രഹാമിനോടുള്ള ഉടമ്പടിയുടെ ഭാഗമായി കൊടുത്ത പരിഛേദന (ഉല്പത്തി 17) ജാതിയിൽ നിന്നുള്ള ഒരാൾ ഏല്ക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല, കാരണം അതു എബ്രായരോടായിരുന്നു ആവശ്യപ്പെട്ടത്. ക്രിസ്തീയ സുവിശേഷം ആരിൽ നിന്നും പരിഛേദന ആവശ്യപ്പെടുന്നില്ല. അതുകൊണ്ട്, അത്തരം ചടങ്ങു തിത്തൊസിനെ കൊണ്ടു ചെയ്യിക്കുവാനുള്ള തെളിവു ആർക്കും കണ്ടെത്തുവാൻ കഴിഞ്ഞില്ല. അതു നിയമത്തെ മുറുകെ പിടിക്കുന്ന

വർക്കെതിരായുള്ള തെളിവായി തീർന്നു.

ഫിലിപ്പിയ, തെസലൊനിക്യ, ബെരോവ, കൊരിന്ത്, ക്രേത്ത, ദൽമ ത്യെ എന്നീ സഭകളോടൊത്തു തിത്തൊസ് പ്രവർത്തിച്ചിട്ടുണ്ട്. മൊത്തം ബൈബിളിൽ അവനെ കുറിച്ചു പതിമൂന്നു പ്രാവശ്യം പറഞ്ഞിട്ടുണ്ട് – എട്ടു പ്രാവശ്യം 2 കൊരിന്ത്യാ പുസ്തകത്തിൽ, അവിടെ യെഹൂദ്യയിലെ വിശുദ്ധന്മാരുടെ മുട്ടു തീർക്കുവാൻ പണശേഖരം നടത്തിയതിൽ അവൻ സഹായിച്ചിരുന്നു എന്നു വ്യക്തമാണ്. 2 കൊരിന്ത്യർ ക്കുള്ള ലേഖനം പൗലൊസ് എഴുതുന്നതിനു മുൻപു കൊരിന്തിലെ സാഹചര്യം അറിയു വാൻ പൗലൊസ് എഫെസൊസിൽ നിന്നു തിത്തൊസിനെ കാണുവാൻ മക്കെദൊന്യക്കു പോയി.

**തിഹിക്കോസ്**

*"ഞാൻ അർത്തെമൊസിനെയോ തിഹിക്കൊസിനേയോ അങ്ങോട്ടു അയക്കുമ്പോൾ, നിക്കൊപൊലിയിൽ വന്നു എന്നോടു ചേരുവാൻ ശ്രമിക്ക, അവിടെ ഞാൻ ശീതകാലം കഴിപ്പാൻ നിശ്ചയിച്ചിരിക്കുന്നു" (3:12).*

ആസ്യയിൽ നിന്നുള്ള ഒരു ക്രിസ്ത്യാനിയായ തിഹിക്കോസ്, പൗലൊ സിനോടുകൂടെ ഗ്രീസിൽ നിന്നു യെരുശലേമിലേക്കു പോകുകയും എഫെസോസിലും, കൊലൊസ്യയിലും, ഫിലേമോനും ഉള്ള ലേഖനങ്ങൾ പൗലൊസ് അയാളുടെ കയ്യിൽ കൊടുത്തയക്കുകയും ചെയ്തു. സ്പഷ്ട മായും, അവനായിരുന്നു കൊലൊസ്യയിൽ വചനം അറിയിച്ചതും കൊലൊസ്യയിലെ ഭിന്നത പരിഹരിക്കുവാൻ പൗലൊസിനെ സഹായി ച്ചതും. തിരുവെഴുത്തിൽ അവനെ കുറിച്ചു അഞ്ചു പ്രാവശ്യം പറഞ്ഞിരി ക്കുന്നു (പ്രവൃത്തികൾ 20:4; എഫെസ്യർ 6:21; കൊലൊസ്യർ 4:7; 2 തിമൊ ഥെയൊസ് 4:12; തിത്തൊസ് 3:12).

**സേനാസ്**

*"ന്യായശാസ്ത്രിയായ സേനാസിനും അപ്പൊല്ലൊസിനും ഒരു മുട്ടും വരാതവണ്ണം ഉത്സാഹിച്ചു വഴിയാത്ര അയക്ക" (3:13).*

ഈ ന്യായശാസ്ത്രി (ഒരുപക്ഷെ യെഹൂദ നിയമത്തിൽ പ്രാഗത്ഭ്യം ഉള്ളവനാകാം) അപ്പൊല്ലോസിനോടൊപ്പം അറിയപ്പെടാത്ത ഒരു സ്ഥല ത്തേക്കു യാത്ര ചെയ്യുകയായിരുന്നു. ഈ ലേഖനം തിത്തൊസിനു എത്തി ച്ചത് അവർ ആയിരിക്കാനാണ് സാധ്യത. അവർ ക്രേത്ത വഴി യാത്ര ചെയ്യുമ്പോൾ അവരെ സഹായിക്കുവാൻ തിത്തൊസിനോടു പൗലൊസ് അപേക്ഷിച്ചു.

## തിത്തൊസിലെ സ്ഥലങ്ങൾ

**ക്രേത്ത**

*"ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചു പോന്നതു, ശേഷിച്ച കാര്യ ങ്ങൾ ക്രമത്തിലാക്കേണ്ടതിനും, ഞാൻ നിന്നോടു ആജ്ഞാപിച്ചതു പോലെ പട്ടണം തോറും മൂപ്പന്മാരെ ആക്കിവെക്കേണ്ടതിനും തന്നേ" (1:5).*

മദ്ധ്യധരണ്യാഴിയിലെ നാലു വലിയ ദ്വീപുകളിൽ ഒന്നാണ് ക്രേത്ത.

ഏറ്റവും പുരാതനവും വികസിതവുമായ വാണിജ്യപരമായ പരിഷ്കരണത്തിന്റെ ആരംഭ സ്ഥാനം അതായിരുന്നു. പുതിയ നിയമ കാലത്ത്, അവിടെയുള്ളവരുടെ ജീവിതം ധാർമ്മികമായി വളരെ പരിതാപകരമായി തീർന്നിരുന്നു (1:12). ലോകത്തിലെ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന ആ പ്രദേശത്തുള്ള ശൈശവ സഭ നേരിട്ട പ്രശ്നങ്ങളെ തിത്തൊസ് "ക്രമപ്പെടുത്തേണ്ടി" യിരുന്നു.

**നിക്കൊപൊലിസ്**

*"ഞാൻ അർത്തെമാസിനെയോ തിഹിക്കൊസിനെയോ അങ്ങോട്ടു അയക്കുമ്പോൾ, നിക്കൊപൊലിസിൽ വന്നു എന്നോടു ചേരുവാൻ ശ്രമിക്ക, അവിടെ ഞാൻ ശീതകാലം കഴിപ്പാൻ നിശ്ചയിച്ചിരിക്കുന്നു" (3:12).*

ഈ "വിജയ നഗരം" ഗ്രീസിന്റെ വടക്കു പടിഞ്ഞാറെ തീരത്തായിരുന്നു സ്ഥിതി ചെയ്തിരുന്നത്, അവിടെയാണ് പൗലൊസ് ശീതകാലം കഴിപ്പാൻ നിശ്ചയിച്ചത്, ഒരുപക്ഷെ എ.ഡി. 65 – അല്ലെങ്കിൽ 66 ആകാനാണ് സാധ്യത. ക്രേത്തയിലെ ജോലി തീർത്തശേഷം അവിടേക്കു വരുവാനാണ് പൗലൊസ് തിത്തൊസിനോടു ആവശ്യപ്പെട്ടത്. അവൻ അവസാനമായി പോയതെന്നു തീർച്ചയുള്ള സ്ഥലം അതാകകൊണ്ടായിരിക്കാം, ചിലർ പൗലൊസിന്റെ രണ്ടാമത്തെ തടവു അവിടെ വെച്ചായിരുന്നു എന്നു അനുമാനിച്ചത്.

## തിത്തൊസിലെ മുഖ്യ ആശയം

**ഉപദേശം**

ശരിയായ വിവരങ്ങൾ എല്ലാ ക്രിസ്ത്യാനികളെയും അറിയിക്കേണ്ടതിന്റെ പ്രാധാന്യം പൗലൊസിന്റെ മനസ്സിൽ ഉണ്ടായിരുന്നതുകൊണ്ടു അവൻ "ഉപദേശിക്കൽ" എന്ന വാക്ക് അടിക്കടി ഉപയോഗിച്ചിട്ടുണ്ട്. "സംസാരിക്കൽ" എന്നും "പ്രോത്സാഹിപ്പിക്ക" എന്നുമുള്ള വാക്കുകൾ ഈ ലേഖനത്തിൽ "ഉപദേശിക്കൽ" എന്നതിന്റെ പര്യായങ്ങളായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്.

---

കുറിപ്പുകൾ

[1]ആൽബെർട്ട് എം. വെൽസ്, ജൂനിയർ., *ഇൻസ്പയറിങ്ങ് ക്വട്ടേഷൻസ്* (നാഷ്വില്ലേ: തോമസ് നെൽസൺ പബ്ലിഷേഴ്സ്, 1988), 59. [2]സി. മൈക്കൽ മോസ്, *ദ കോളേജ് പ്രെസ് എൻഐവി കമെന്ററി, 1, 2 തിമൊഥി & ടൈറ്റസ്* (ജോപ്ലിൻ, മോ.: കോളേജ് പ്രെസ് പബ്ളിഷിങ്ങ് കമ്പനി., 1994), 11–12. [3]വില്യം ബാർക്ക്ലേ, *ദ ലെറ്റേഴ്സ് ടു തിമൊഥി, ടൈറ്റസ് ആന്റ് ഫിലേമോൻ,* ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡി. (ഫിലദെൽഫിയ: വെസ്റ്റ് മിൻസ്റ്റർ പ്രെസ്, 1960), 277. [4]മെറിൽ സി. ടെന്നി, *ന്യൂ ടെസ്റ്റമെന്റ് സർവ്വേ* (ലണ്ടൻ: ഇന്റർ – വാഴ്സിറ്റി ഫെല്ലോഷിപ്, 1964), 336. [5]വിക്ടർ ഈ. ഹോവെൻ, *ദ ന്യൂ ടെസ്റ്റമെന്റ് എപിസൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1959), 98. [6]എച്ച്. സി. തേയിസെൻ, *ഇൻട്രൊഡക്ഷൻ ടു ദ ന്യൂ ടെസ്റ്റമെന്റ്*

(ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1955), 264. [7]വേദഭാഗത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ വിവരണം ബ്രൂസ് മെറ്റെജേഴ്സിന്റെ "ദ ജെഹോവാസ് വിറ്റ്നെസ് ആന്റ് ജീസസ് ക്രൈസ്റ്റ്" ഇൻ *തിയോളജി ടുഡെ*, ഏപ്രിൽ, 1953 യിലുണ്ട്. [8]വാൾട്ടർ ഡണ്ണെറ്റ്, *ആൻ ഔട്ട്ലൈൻ ഓഫ് ന്യൂ ടെസ്റ്റമെന്റ് സർവ്വേ* (ഷിക്കാഗോ: മൂടി പ്രെസ്, 1960), 129–31. [9]റൊണാൾഡ് ഏ. വാർഡ്, *കമെന്ററി ഓൺ 1 ആന്റ് 2 തിമൊഥി & ടൈറ്റസ്* (വാക്കോ, ടെക്സ്.: വേർഡ് ബുക്സ് പബ്ലിഷർ, 1974), 227. [10]വില്യം ഹെൻഡ്രിക്സെൻ, *ഏ കമെന്ററി ഓൺ ദ എപിസൽസ് ടു തിമൊഥി ആന്റ് ടൈറ്റസ്* (ലണ്ടൻ: ദ ബാനർ ഓഫ് ട്രൂത്ത് ട്രസ്റ്റ്, 1957), 39.

[11]പൗലൊസിന്റെ അവസാന യാത്രകളും തിത്തൊസ് എഴുതിയ തീയതിയും അറിയുവാൻ, "പൗലൊസിന്റെ തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം, ഒരു മുഖവുര, ഭാഗം 1" എന്ന പാഠത്തിലെ 1 തിമൊഥെയൊസിന്റെ മുഖവുര ഭാഗം നോക്കുക. [12]ഡോൺ ഡിവെൽട്ട്, *പോൾസ് ലെറ്റേഴ്സ് ടു തിമൊഥി ആന്റ് ടൈറ്റസ്* (ജോപ്ലിൻ, മോ.: കോളേജ് പ്രെസ്, 1961), 20. [13]ഹെൻഡ്രിക്സൺ, 37. [14]ഡണ്ണെറ്റ്, 128. [15]തിമൊഥെയൊസ് ഭീരുവാണെന്നും തിത്തൊസ് ശക്തനാണെന്നുമുള്ള അമിതാഭിപ്രായ പ്രകടനങ്ങൾ ചിലർ നടത്തിയിട്ടുണ്ട് (ഡണ്ണെറ്റ്, 126; തേയിസെൻ, 263, 266; ടെന്നി, 334–37). ഒന്നാമത്, പൗലൊസ് അത്തരം താരതമ്യം നടത്തിയിട്ടില്ല (നോക്കുക 2 കൊരി. 10:12, 13). രണ്ടാമതു, പൗലൊസിന് തിത്തൊസിനോടു ക്രേത്തയിലെ തന്റെ ചുമതല സംബന്ധിച്ച് "കല്പിക്കേണ്ടി" വന്നതിലും "ആരും നിന്നെ തുച്ഛീകരിക്കാതിരിക്കേണ്ടതിനു സകല അധികാരത്തോടും കൂടെ ... പ്രസംഗിക്ക" എന്നു നിർബന്ധിച്ചതിലും തിത്തൊസിൽ ഒരു വൈമനസ്യം ആർക്കും കാണാൻ കഴിയും (തിത്തൊസ് 1:5; 2:15). ഈ രണ്ടുപേരും അഭിമുഖീകരിച്ച തരം ചുമതലകൾ ഏതെങ്കിലും സുവിശേഷകന് നിർവ്വഹിക്കേണ്ടി വന്നാൽ അയാൾക്ക് ഒരു വശത്തു ശക്തിയും മറുവശത്തു ഇന്ദ്രിയ - ജയവും ഉണ്ടായിരിക്കണം - അത് പൗലൊസ് നല്കിയതുപോലെയുള്ള ഉപദേശം നൽകുവാനാണ്. വ്യക്തികൾ തമ്മിലുള്ള വ്യത്യാസം കണ്ടെത്തുകയല്ല നാം ചെയ്യേണ്ടത് പിന്നെയോ അത്തരം സാഹചര്യങ്ങൾ വരുമ്പോൾ നാം എന്തു ചെയ്യും എന്നതാണ് ചിന്തിക്കേണ്ടത്. [16]താല്പര്യമുള്ള കരുതൽ (ഗ്രീക്ക്.: *സ്പൗഡ്*) - "... വേഗം ... താല്പര്യം, ഉത്സാഹം ... എന്തിനും അദ്ധ്വാനിക്കുവാൻ തയ്യാറാകൽ ... ഏറ്റവും അധികം ഒരാൾ സ്വയമായി താല്പര്യം കാണിക്കുക, യൂദാ 3 ... 2 പത്രൊസ് 1:5 ... 2 കൊരിന്ത്യർ 8:16" (സി. ജി. വിൽക്കേ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 585).